# കേരള സർവകലാശാല

നം. പി.ആർ.235/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ പരീക്ഷകൾ മാറ്റി

കേരള സർവകലാശാല നവംബർ ഒന്ന്, മൂന്ന് തീയതികളിൽ യൂണിവേഴ്സിറ്റി കോളേജിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 14, 15 തീയതികളിൽ യൂണി വേഴ്സിറ്റി കോളേജിൽ വച്ച് നടത്തുന്നതാണ്. നവംബർ ഒന്നിന് നടത്താനി രുന്ന നാലാം സെമസ്റ്റർ എം.എസ്.സി ജിയോളജി പ്രാക്ടിക്കൽ പരീക്ഷ നവം ബർ ആറിന് അതത് കോളേജിൽ വച്ച് നടത്തുന്നതാണ്.
(തിരുവനന്തപുരം ജില്ലയിലെ എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാൻ)

### ഹിയറിംഗിന് ഹാജരാകണം

വിദ്യാർത്ഥികളിൽ നിന്നും ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ സിന്റിക്കേ റ്റിന്റെ അഫിലിയേഷൻ കമ്മിറ്റി ഒക്ടോബർ 31 രാവിലെ 10.30-ന് ചെറുവാര ക്കോണം സി.എസ്.ഐ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഗൽ സ്റ്റഡീസിൽ നടത്തുന്ന ഹിയറിംഗിന് പരാതിക്കാർ തെളിവുകൾ സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്.

### ബി.എ/ബി.എസ്സി/ബികോം പരീക്ഷകേന്ദ്രങ്ങൾ

കേരള സർവകലാശാല നവംബർ മൂന്നിന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബികോം (സി.ബി.സി.എസ്.എസ് - എഫ്.ഡി.പി 2011, 2012 അഡ്മിഷൻ, 2010 അഡ്മിഷൻ - മേഴ്സിചാൻസ്) കൂടാതെ നവംബർ ആറിന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബി.കോം (സി.ബി.സി.എ സ്.എസ് - എഫ്.ഡി.പി 2011, 2012 അഡ്മിഷൻ, 2010 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷകൾക്ക് തിരുവനന്തപുരം ജില്ലയ്ക്ക് എം.ജി കൊളേജും, കൊല്ലം ജില്ലയ്ക്ക് കൊല്ലം ടി.കെ.എം കോളേജ് ഓഫ് ആർട്ട്സ് ആന്റ് സയൻസും, ആലപ്പുഴ പത്തനംതിട്ട ജില്ലകൾക്ക് ആലപ്പുഴ എസ്.ഡി കോളേജ് എന്നിങ്ങനെ പരീക്ഷാ കേന്ദ്രങ്ങൾ പരിമിതപ്പെടുത്തിയിരിക്കുന്നു. കുട്ടികൾ പരീക്ഷാകേന്ദ്രമായി രജിസ്റ്റർ ചെയ്ത കോളേജുകളിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി മേൽപറഞ്ഞ നിർദ്ദിഷ്ട പരീക്ഷാകേന്ദ്രങ്ങളിൽ പരീക്ഷ എഴു തേണ്ടതാണ്. വിശദമായ ടൈംടേബിളും നിർദ്ദിഷ്ട പരീക്ഷാകേന്ദ്രങ്ങളിലേക്ക് അലോട്ട് ചെയ്തിട്ടുള്ള കോളേജുകളുടെ വിവരങ്ങളും സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എസ്സി/ബി.സി.എ പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നവംബർ ആറിന് ആരംഭി ക്കുന്ന രണ്ടാം വർഷ ആനുവൽ സകീം ബി.എസ്സി കംമ്പ്യൂട്ടർ സയൻസ് /ബി.സി.എ (എസ്.ഡി.ഇ) സപ്ലിമെന്ററി (പഴയ സ്കീമും പുതിയ സ്കീമും) പരീക്ഷകൾക്ക് തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ എസ്.ഡി.ഇ പാളയം സെന്ററിൽ നിന്നും, കൊല്ലം പരീക്ഷാകേ ന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ ഫാത്തിമ മെമ്മോറിയൽ ട്രെയിനിംഗ് കോളേജ്, വടക്കേവിള സെന്ററിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അതാത് സെന്

റിൽ തന്നെ പരീക്ഷ എഴുതണം. ആലപ്പുഴയിലും മറ്റു ജില്ലകളിലും അപേക്ഷിച്ച വിദ്യാർത്ഥികൾ എസ്.എൻ കോളേജ് ചേർത്തല സെന്ററിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അതേ സെന്ററിൽ പരീക്ഷ എഴുതണം. ഓൺലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾ ഡൗൺലോഡ് ചെയ്ത് എടുത്ത ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയുമായി പരീക്ഷയ്ക്ക് ഹാജരാകണം.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാലയുടെ ഏഴാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2013 സ്കീം) (സപ്ലിമെന്ററി നവംബർ 2017) പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ ആറ് (50 രൂപ പിഴയോടെ നവംബർ എട്ട്, 125 രൂപ പിഴയോടെ നവംബർ പത്ത് ) വരെ ഓൺലൈനായി ഫീസടച്ച് രജിസ്റ്റർ ചെയ്യാം. സെഷണൽ ഇംപ്രൂവ്മെന്റായി പ്രസ്തുത പരീക്ഷ എഴുതുന്നവർ സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പുനത്തിൽ കുഞ്ഞബ്ദുള്ള അനുസ്മരണം;

മലയാളത്തിന്റെ പ്രശസ്ത സാഹിത്യകാരൻ പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ അനുസ്മരണാർത്ഥം കേരള സർവകലാശാല ലൈബ്രറിയിൽ പുസ്തക പ്രദർശനം സംഘടിപ്പിക്കുന്നു. ഒക്ടോബർ 31 മുതൽ നവംബർ 6 വരെ തുടരുന്ന പ്രദർശനത്തിൽ പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ നോവൽ, ചെറുകഥ, ആത്മകഥ, പഠനങ്ങൾ, ഓർമക്കുറിപ്പ്, ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ, അഭിമുഖങ്ങൾ മുതലായവ ഉൾപ്പെടുത്തിയിരിക്കുന്നു. ലൈബ്രറി അംഗങ്ങളല്ലാത്തവർക്കും ഈ പ്രദർശനം കാണാൻ സൗകര്യമുണ്ടായിരിക്കും.

തിരുവനന്തപുരം.
30.10.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098